**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2028** **16-03-2022 - ൽ മറുപടിയ്ക്ക്**

**ആരാധനാലയങ്ങൾ കേന്ദ്രീകരിച്ചുള്ള വർഗ്ഗീയ ശക്തികളുടെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ.എൻ.ഷംസീർ,<br>ശ്രീ കെ യു ജനീഷ് കുമാർ,<br>ശ്രീ. പി.പി. ചിത്തരഞ്ജൻ,<br>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | null<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് വിവിധ മതങ്ങളുടെ ആരാധനാലയങ്ങൾ കേന്ദ്രീകരിച്ച് വർഗ്ഗീയ ശക്തികൾ പ്രവർത്തിക്കുനുണ്ടോയെന്ന് നിരീക്ഷിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിൽ ഉള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്ത് വിവിധ മതങ്ങളുടെ ആരാധനാലയങ്ങൾ കേന്ദ്രീകരിച്ച് വർഗ്ഗീയ ശക്തികൾ പ്രവർത്തിക്കുന്നുണ്ടോയെന്ന് ലോക്കൽ പോലീസ്, ജില്ലാ സ്പെഷ്യൽ ബ്രാഞ്ച്, സ്റ്റേറ്റ് സ്പെഷ്യൽ ബ്രാഞ്ച് എന്നിവ നിരന്തരമായി നിരീക്ഷിച്ചു വരുന്നുണ്ട്. കൂടാതെ ഇത്തരം സംഭവങ്ങൾ ഉണ്ടാകുന്ന പക്ഷം Religious Institutions (Prevention of Misuse) Act 1988 പ്രകാരം കുറ്റക്കാർക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | തിരുവിതാംകൂർ ദേവസ്വം കമ്മീഷണർ നടത്തിയ അന്വേഷണത്തിൽ ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിൽ പലയിടത്തും ചില സംഘടനകൾ പ്രവർത്തിക്കുന്നതായും മാസ്ഡ്രിൽ നടത്തുന്നതായും കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച് എന്തെല്ലാം നടപടികളാണ് കൈകൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) | ഇത്തരത്തിലുള്ള ശാഖകൾ പ്രവർത്തിക്കുകയോ മാസ് ഡ്രിൽ നടത്തുകയോ ക്ഷേത്രാചാരങ്ങൾക്ക് ഹിതമല്ലാത്ത പ്രവർത്തികളിൽ ഏർപ്പെടുകയോ ചെയ്യുന്നത് തടയുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിക്കൊണ്ട് ദേവസ്വം കമ്മീഷണർ, 30.03.2021-ലെ ആർ.ഒ.സി. 489/2021/വിജി. നമ്പർ പ്രകാരം സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. |
| (സി) | ആരാധനാലയങ്ങളോട് അനുബന്ധിച്ച് തീവ്രവാദ-വർഗ്ഗീയ-രാഷ്ട്രീയ-സംഘടനകളുടെ പ്രവർത്തന കേന്ദ്രവും പ്രവർത്തനങ്ങളും നിയന്ത്രിക്കുന്നതിനുള്ള ഫലപ്രദമായ നിയമനിർമ്മാണത്തിന് ഉദ്ദേശിക്കുന്നുണ്ടോ? | (സി) | ഇതു സംബന്ധിച്ച തീരുമാനം കൈക്കൊണ്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ